**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2119** **03-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** |
| (എ) | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിക്ക് പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം നഗരസഭയിലെ താലൂക്ക് ആശുപത്രിയിൽ പ്രധാനമന്ത്രി ജനവികാസ് കാര്യക്രം (PMJVK) പദ്ധതി പ്രകാരം Advanced Medical Complex & Taluk Hospital (പുതിയ ബ്ലോക്ക്) നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ, നിലവിൽ താലൂക്ക് ആശുപത്രി കൂടി പ്രവർത്തിച്ചു വരുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം, ചുറ്റുമതിൽ കെട്ടി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, ആരോഗ്യവകുപ്പിന് വിട്ടുനൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന് സമ്മതമാണെന്ന വിവരം ആരോഗ്യവകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ലഭ്യമായ വിവരം അനുസരിച്ച് പ്രസ്തുത നിർമ്മാണ പ്രവൃത്തി നടത്തേണ്ട ചുമതല നഗരസഭാ എഞ്ചിനീയർക്കാണ്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ.-ൽ വ്യതിയാനം വന്നതിനാൽ പുതുക്കിയ ഭരണാനുമതി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും ലഭിക്കാനുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമെന്ന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ഉപയോഗിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിച്ച് മാസങ്ങൾ പിന്നിട്ടിട്ടും (ഫയൽ നം.ഇ2/47/2024-ഹെൽത്ത് തീയതി.24.10.2024) കെട്ടിട നിർമ്മാണ നടപടികൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അഡ്വാൻസ്ഡ് മെഡിക്കൽ കോംപ്ലക്സും താലൂക്ക് ആശുപത്രിയും (പുതിയ ബ്ലോക്ക്) എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ? | (സി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ